# സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ
# പുറപ്പെടുവിക്കുന്ന നടപടിക്രമം

**(ഹാജർ : എം.ബിനോയ് കുമാർ)**

**നമ്പർ.ഇ(1)4195/2024/എസ്.സി.ഇ.സി തീയതി : 10.10.2024**

വിഷയം:- കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് സഹകരണ സംഘം ക്ലിപ്തം നമ്പർ. D.2899 - ഭരണസമിതി തെരഞ്ഞെടുപ്പ് - പ്രസിഡന്റ്/വൈസ് പ്രസിഡന്റ്, നിയമാവലി പ്രകാരമുള്ള മറ്റു ഭാരവാഹികൾ എന്നിവരുടെ തെരഞ്ഞെടുപ്പ് - ഇലക്ടറൽ ആഫീസറെയും വരണാധികാരിയെയും പ്രിസൈഡിംഗ് ഓഫീസറെയും നിയമിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്

പരാമർശം:-
1. സംഘം ഭരണസമിതിയുടെ 10.09.2024-ലെ I-ാം നമ്പർ തീരുമാനം.
2. കോഴിക്കോട് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാറുടെ ഓൺലൈൻ അപേക്ഷ.

## ഉത്തരവ്

D.2899-ാം നമ്പർ കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് സഹകരണ സംഘം ക്ലിപ്തത്തിന്റെ ഭരണസമിതി തെരഞ്ഞെടുപ്പ് 15.11.2024-ാം തീയതി പകൽ 11 മണി മുതൽ 2 മണി വരെ കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽ കോൺഫറൻസ് ഹാളിൽ വച്ച് നടത്തുന്നതിന് പരാമർശം ഒന്ന് പ്രകാരം സംഘം ഭരണസമിതി തീരുമാനിച്ച് കോഴിക്കോട് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ മുഖേന അപേക്ഷ സമർപ്പിച്ചിരിക്കുന്നു. പ്രസ്തുത അപേക്ഷ പരാമർശം രണ്ട് പ്രകാരം കോഴിക്കോട് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ശുപാർശ ചെയ്തിരിക്കുന്നു.

മേൽ ശുപാർശകൾ അംഗീകരിച്ചുകൊണ്ട്, 1969-ലെ കേരള സഹകരണ സംഘം ആക്റ്റ് വകുപ്പ് 28 ബി, ചട്ടം 35എ, ഉപ ചട്ടം (2),(4), ചട്ടം 43 ഉപചട്ടം (2) എന്നിവ പ്രകാരം സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ച് D.2899-ാം നമ്പർ കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് സഹകരണ സംഘം ക്ലിപ്തത്തിന്റെ ഭരണസമിതി തെരഞ്ഞെടുപ്പ് 15.11.2024-ാം തീയതി പകൽ 11 മണി മുതൽ 2 മണി വരെ കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽ കോൺഫറൻസ് ഹാളിൽ വച്ച് നടത്തുന്നതിനും ടി തെരഞ്ഞെടുപ്പ് നടത്തുന്നതിന് കോഴിക്കോട് സഹകരണ സംഘം ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാറെ ഇലക്ടറൽ ആഫീസറായും, എലത്തൂർ യൂണിറ്റ് ഇൻസ്പെക്ടറെ വരണാധികാരിയായും നിയമിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, നിയമാവലിപ്രകാരമുള്ള മറ്റു ഭാരവാഹികൾ എന്നിവരുടെ തെരഞ്ഞെടുപ്പ് നടത്തുന്നതിനായി എലത്തൂർ യൂണിറ്റ് ഇൻസ്പെക്ടറെ പ്രിസൈഡിംഗ് ആഫീസറായും നിയമിച്ച് ഉത്തരവാകുന്നു.

വോട്ടർപ്പട്ടികയിൽ അഞ്ഞൂറിൽ കൂടുതൽ അംഗങ്ങളുള്ള സംഘങ്ങളിൽ തെരഞ്ഞെടുപ്പ് വിജ്ഞാപനം (അതിലെ കുറിപ്പ് ഭാഗം ഒഴിവാക്കി) സംഘത്തിന്റെ പ്രവർത്തന പരിധിയിൽ പ്രചുര പ്രചാരമുള്ള രണ്ടു ദിനപ്പത്രങ്ങളിൽ 14.10.2024-ാം തീയതിക്കോ അതിനു മുൻപോ തെരഞ്ഞെടുപ്പ് കമ്മീഷന് വേണ്ടി പ്രസിദ്ധീകരിച്ചിരിക്കേണ്ടതാണ്. വോട്ടർപട്ടികയിൽ അഞ്ഞൂറിൽ കുറവ് അംഗങ്ങളുള്ള സഹകരണ സംഘങ്ങളിൽ ഓരോ അംഗത്തിനും വിജ്ഞാപനം കൈപ്പറ്റു രസീത് സഹിതം രജിസ്ട്രേർഡ് പോസ്റ്റിലോ/സ്പീഡ് പോസ്റ്റിലോ/ ബഹു. കേരള ഹൈക്കോടതിയോ/ കേരള സർക്കാരോ അംഗീകരിച്ചിട്ടുള്ള കൊറിയർ സർവ്വീസിലോ/നേരിട്ട് നൽകി കൈയൊപ്പു വാങ്ങിയോ അറിയിപ്പ് നൽകേണ്ടതാണ്. വിജ്ഞാപനത്തിന്റെ പകർപ്പ് സംഘത്തിന്റെ ഹെഡ് ആഫീസിലെയും ബ്രാഞ്ചുകളിലെയും നോട്ടീസ് ബോർഡുകളിൽ പതിക്കേണ്ടതാണ്. കേരള സഹകരണ സംഘം ആക്റ്റ്, ചട്ടങ്ങൾ, സംഘം നിയമാവലി എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ച് സംഘത്തിന്റെ മുഖ്യ കാര്യദർശി, ഇലക്ടറൽ ആഫീസർ, വരണാധികാരി എന്നിവർ തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനത്തിന് ശേഷം ഒരാഴ്ചയ്ക്കകം, വരണാധികാരിയിൽ നിന്നും ലഭിച്ച തെരഞ്ഞെടുപ്പുകളുടെ ഫലം, തെരഞ്ഞെടുപ്പ് സംബന്ധിച്ച് സംഘം മുഖ്യകാര്യദർശിയിൽ നിന്നും ലഭിച്ച ചെലവ് സ്റ്റേറ്റ്മെന്റ് എന്നിവ ഇലക്ടറൽ ആഫീസർ സാക്ഷ്യപ്പെടുത്തി സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന് സമർപ്പിക്കേണ്ടതാണ്.

ഒപ്പ്
**സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണർ**

ഇലക്ടറൽ ആഫീസർ/ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കോഴിക്കോട്
വരണാധികാരി/ എലത്തൂർ യൂണിറ്റ് ഇൻസ്പെക്ടർ

പകർപ്പ്: സെക്രട്ടറി, കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് സഹകരണ സംഘം ക്ലിപ്തം നമ്പർ. D.2899

# സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ
# തെരഞ്ഞെടുപ്പ് വിജ്ഞാപനം

(1969-ലെ കേരള സഹകരണ ചട്ടം 35 എ (3) പ്രകാരം പുറപ്പെടുവിക്കുന്നത്)

**നമ്പർ. ഇ (1)4195/2024/എസ്.സി.ഇ.സി.** **തിരുവനന്തപുരം, 10.10.2024**

D.2899-ാം നമ്പർ കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് സഹകരണ സംഘം ക്ലിപ്തത്തിന്റെ ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്ന നടപടികൾക്കായി കോഴിക്കോട് സഹകരണ സംഘം ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാറെ ഇലക്ടറൽ ആഫീസറായും, എലത്തൂർ യൂണിറ്റ് ഇൻസ്പെക്ടറെ വരണാധികാരിയായും നിയമിച്ച് ഇതേ നമ്പരിലും തീയതിയിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. തെരഞ്ഞെടുപ്പ് സംബന്ധിച്ച വിശദവിവരങ്ങൾ സംഘത്തിലെ എല്ലാ അംഗങ്ങളുടെയും പൊതു അറിവിലേക്കായി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

## തെരഞ്ഞെടുപ്പ് വിശദാംശങ്ങൾ

| | | | |
|---|---|---|---|
| 1. | തെരഞ്ഞെടുപ്പിലൂടെ നികത്തപ്പെടേണ്ട ഒഴിവുകളുടെ എണ്ണം | : | 7 (ഏഴ്) |
| 2. | **സഹകരണ നിയമപ്രകാരം തെരഞ്ഞെടുക്കപ്പെടേണ്ട വിഭാഗങ്ങൾ** | : | A. ജനറൽ (എ ക്ലാസ് അംഗങ്ങളിൽ നിന്നും) 2 (രണ്ട്)<br>B. 40 വയസിന് താഴെയുള്ള പൊതു വിഭാഗത്തിൽ നിന്ന് (എ ക്ലാസ് അംഗങ്ങളിൽ നിന്നും) 1(ഒന്ന്)<br>C. വനിതാ സംവരണം (എ ക്ലാസ് അംഗങ്ങളിൽ നിന്നും) 2 (രണ്ട്)<br>D. 40 വയസിന് താഴെയുള്ള വനിത വിഭാഗത്തിൽ നിന്ന് (എ ക്ലാസ് അംഗങ്ങളിൽ നിന്നും) 1(ഒന്ന്)<br>E. പട്ടികജാതി/പട്ടികവർഗ്ഗ സംവരണം (എ ക്ലാസ് അംഗങ്ങളിൽ നിന്നും) 1(ഒന്ന്)<br>ആകെ 7 (ഏഴ്) |
| 3. | പ്രാഥമിക വോട്ടർപട്ടിക പ്രസിദ്ധപ്പെടുത്തുന്ന സ്ഥലവും, തീയതിയും | : | 14-10-2024 പകൽ 11 മണിക്ക് സംഘം ആഫീസ് നോട്ടീസ് ബോർഡിൽ |
| 4. | വോട്ടർപ്പട്ടികയിലെ തടസ്സവാദങ്ങൾ സമർപ്പിക്കുന്നതിനുള്ള തീയതികൾ | : | 14-10-2024 പകൽ 11 മണി മുതൽ 21-10-2024 പകൽ 5 മണി വരെ. |
| 5. | തടസ്സവാദങ്ങൾ പരിശോധിക്കുന്നതിനുള്ള തീയതിയും, സമയവും, സ്ഥലവും | : | 22-10-2024 പകൽ 11 മണി മുതൽ 3 മണി വരെ സംഘം ആഫീസിൽ വച്ച്. |
| 6. | അന്തിമ വോട്ടർപട്ടിക പ്രസിദ്ധപ്പെടുത്തുന്ന സ്ഥലവും, തീയതിയും | : | 24-10-2024 പകൽ 11 മണിക്ക് സംഘം ആഫീസ് നോട്ടീസ് ബോർഡിൽ. |
| 7. | നാമനിർദ്ദേശപത്രിക നേരിട്ട് സമർപ്പിക്കുന്നതിനുള്ള സ്ഥലവും, തീയതിയും, സമയവും. | : | 01-11-2024 പകൽ 11 മണി മുതൽ 2 മണി വരെ സംഘം ആഫീസിൽ വച്ച്. |
| 8 | പത്രികകൾ സൂക്ഷ്മപരിശോധനയ്ക്കുള്ള തീയതിയും, സമയവും. | : | 02-11-2024 പകൽ 11 മണി മുതൽ സംഘം ആഫീസിൽ വച്ച് |
| 9 | പത്രികകൾ പിൻവലിക്കുന്നതിനുള്ള തീയതിയും, സമയവും. | : | 04-11-2024 പകൽ 5 മണി വരെ സംഘം ആഫീസിൽ വച്ച്. |
| 10 | വോട്ടെടുപ്പ് വേണ്ടി വരുന്നപക്ഷം വോട്ടെടുപ്പ് നടത്തുന്ന സ്ഥലവും, തീയതിയും, സമയവും. | : | 2024 നവംബർ മാസം 15-ാം തീയതി ചൊവ്വാഴ്ച പകൽ 10 മണി മുതൽ 3 മണി വരെ കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽ കോൺഫറൻസ് ഹാളിൽ വച്ച്. |

*(പ്രത്യേക ശ്രദ്ധയ്ക്ക് : വിജ്ഞാപനത്തിന്റെ കുറിപ്പ് ഭാഗം സംഘം നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്)*

ഒപ്പ്
**എം.ബിനോയ് കുമാർ**
**സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണർ**

**കുറിപ്പ്**

1. അന്തിമ വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അംഗങ്ങൾക്ക് മാത്രമേ വോട്ടവകാശം ഉണ്ടായിരിക്കുകയുള്ളു.

2. വോട്ടർ പട്ടികയുടെ പകർപ്പുകൾ സംഘം നിശ്ചയിക്കുന്ന വിലയ്ക്ക്, സംഘം ആഫീസിൽ നിന്നും 24.10.2024 മുതൽ പ്രവർത്തിദിവസങ്ങളിൽ ലഭിക്കുന്നതാണ്.

3. നാമനിർദ്ദേശപത്രിക (ഫോറം നമ്പർ-36) വരണാധികാരിയിൽനിന്നും 24.10.2024 മുതൽ പ്രവർത്തി സമയങ്ങളിൽ ലഭിക്കുന്നതാണ്.

4. നാമനിർദ്ദേശ പത്രികയോടൊപ്പം സ്ഥാനാർത്ഥികൾ 250 രൂപ സംഘത്തിൽ കെട്ടിവയ്ക്കേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗത്തിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാനാർത്ഥികൾ 125 രൂപ സംഘത്തിൽ കെട്ടിവച്ചാൽ മതിയാകുന്നതാണ്. പ്രാതിനിധ്യ പൊതുയോഗത്തിലേക്ക് മത്സരിക്കുന്ന സ്ഥാനാർത്ഥികൾ 100 രൂപ സംഘത്തിൽ കെട്ടിവയ്ക്കേണ്ടതാണ്.

5. 40 വയസിന് താഴെയുള്ള പൊതുവിഭാഗം, വനിത വിഭാഗം എന്നിവയിൽ ഉൾപ്പെടുന്നവർ വയസ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

6. പട്ടികജാതി/പട്ടികവർഗ്ഗ സംവരണ സീറ്റിലേക്ക് മത്സരിക്കുന്നവർ ജാതി തെളിയിക്കുന്നതിന് ബന്ധപ്പെട്ട റവന്യൂ അധികാരികളിൽനിന്നും ലഭിച്ച സാക്ഷ്യപത്രം ഹാജരാക്കിയിരിക്കേണ്ടതാണ്.

7. സ്ഥാനാർത്ഥികളുടെ യോഗ്യത നിർണ്ണയിക്കപ്പെടുന്നത് സഹകരണ നിയമത്തിലെ പ്രസക്തമായ വകുപ്പുകൾക്കും, ചട്ടങ്ങൾക്കും, സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകൾക്കും, സഹകരണ സംഘം നിയമാവലിക്കും വിധേയമായിട്ടായിരിക്കും.

8. ഒരു സ്ഥാനാർത്ഥി ഒന്നിലധികം സ്ഥാനങ്ങളിലേക്ക് ഒന്നിലധികം നാമനിർദ്ദേശപത്രിക സമർപ്പിക്കാവുന്നതല്ല

9. വോട്ടവകാശ വിനിയോഗത്തിന് അംഗങ്ങൾ സംഘം നൽകിയിട്ടുള്ള 6-A ഫോറത്തിലുള്ള തിരിച്ചറിയൽ കാർഡിന് പുറമേ ഇൻഡ്യൻ തെരഞ്ഞെടുപ്പ് കമ്മീഷന്റെ തിരിച്ചറിയൽ കാർഡ്/ആധാർ കാർഡ്/റേഷൻ കാർഡ്/ഡ്രൈവിംഗ് ലൈസൻസ്/തൊഴിലുടമ നൽകുന്ന തിരിച്ചറിയൽ കാർഡ്/ സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള തിരിച്ചറിയൽ കാർഡ് ഇവയിൽ ഏതെങ്കിലും കൂടി ഹാജരാക്കേണ്ടതാണ്. സംഘം നൽകുന്ന തിരിച്ചറിയൽ കാർഡ് വിതരണം വോട്ടെടുപ്പിന് രണ്ടു ദിവസം മുമ്പ് നിർത്തിവയ്ക്കുന്നതാണ്. തിരിച്ചറിയൽ കാർഡുകൾ ഹാജരാക്കുന്നവർക്ക് മാത്രമേ വോട്ടുചെയ്യാൻ അർഹതയുള്ളു.

10. അപ്പക്സ്/സെൻട്രൽ/ഫെഡറൽ സംഘങ്ങളുടെ സംഗതിയിൽ അംഗസ്ഥാപനങ്ങളിലെ പ്രതിനിധികൾ അവരെ പ്രതിനിധിയായി തെരഞ്ഞെടുത്ത ഭരണസമിതി തീരുമാനത്തിന്റെ ശരിപകർപ്പ് രണ്ട് ഭരണസമിതി അംഗങ്ങളും സെക്രട്ടറിയോ, പ്രസിഡന്റോ ഒപ്പിട്ട് പ്രതിനിധിയുടെ ഒപ്പ് സാക്ഷ്യപ്പെടുത്തി സംഘം/ബാങ്കിൽ സീൽ പതിച്ച് ഒരു പകർപ്പ് നാമനിർദ്ദേശ പത്രികയോടൊപ്പം വരണാധികാരിക്ക് സമർപ്പിക്കേണ്ടതാണ്.

11. തെരഞ്ഞെടുപ്പിന് അംഗസ്ഥാപനങ്ങൾക്ക് അപ്പക്സ്/സെൻട്രൽ/ഫെഡറൽ സംഘം അയച്ചുതരുന്ന അധികാരപത്രം ശരിയായി പൂരിപ്പിച്ച്, ഫോട്ടോ പതിച്ചത് ക്രമപ്രകാരം സാക്ഷ്യപ്പെടുത്തി ഒരു കോപ്പി തെരഞ്ഞെടുപ്പിന് രണ്ട് ദിവസം മുമ്പായി അപ്പക്സ്/സെൻട്രൽ/ഫെഡറൽ സംഘത്തിന്റെ ഹെഡ് ആഫീസിൽ ലഭിക്കത്തക്കവിധം അയച്ചുകൊടുക്കേണ്ടതും മറ്റൊരു പകർപ്പ്, അംഗസ്ഥാപനത്തിൽനിന്നും നൽകിയിട്ടുള്ള 6-A തിരിച്ചറിയൽ കാർഡ് സഹിതം വോട്ട് രേഖപ്പെടുത്തുന്നതിനായി നേരിട്ട് ഹാജരാക്കേണ്ടതുമാണ്.

12. വോട്ടെണ്ണൽ പൂർത്തിയാകുമ്പോൾ റിട്ടേണിംഗ് ഓഫീസർ ഫലം പ്രഖ്യാപിക്കുന്നതാണ്. തുല്യം വോട്ടുകൾ വരുന്നപക്ഷം റിട്ടേണിംഗ് ഓഫീസർ നറുക്കെടുപ്പ് നടത്തി ഫലം നിർണ്ണയിക്കുന്നതുമാണ്.

13. തെരഞ്ഞെടുപ്പ് കുറ്റകൃത്യങ്ങൾ നിയമപ്രകാരം ശിക്ഷാർഹമാണ്.

14. തെരഞ്ഞെടുപ്പ് സംബന്ധിച്ച് സന്ദർഭോചിതമായിവരുന്ന നിർദ്ദേശങ്ങളും അറിയിപ്പുകളും അതാതു സമയം സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിക്കുന്നതാണ്.